# 'ധൈര്യം തരുന്ന ശക്തി'

## സങ്കീർത്തനങ്ങൾ 138:3

''ഞാൻ വിളിച്ചപേക്ഷിച്ച നാളിൽ നീ എനിക്കുത്തരം അരുളി, എന്റെ ഉള്ളിൽ ബലം നൽകി എന്നെ ധൈര്യപ്പെടുത്തിയിരിക്കുന്നു.''

ബലവാൻമാർ ആധിപത്യം നേടുന്ന ഒരു യുഗത്തിലാണല്ലോ നാം ജീവിക്കുന്നത്. ലോകത്തിന്റെ മാനദണ്ഡപ്രകാരം മനുഷ്യന്റെ ബലം പലവിധമായ മുൻഗണനകളിൽ അധിഷ്ഠിതമാകുന്നു. അത് ശാരീരികബലമോ, ആകാരം, ധനം, അധികാരം എന്തുമാകാം. എന്നാൽ ദൈവവചനപ്രകാരമുള്ള ശക്തി ഇതിൽനിന്നൊക്കെ തികച്ചും വ്യത്യസ്തമാകുന്നു.

''ഉള്ളിൽ ബലം നൽകി ധൈര്യം തരുന്ന ദൈവം''. ഉള്ളിൽ ബലമുണ്ടെങ്കിലേ ദൈവമക്കൾക്ക് ധൈര്യമുള്ളു. അത് അധികമായി പ്രാപിക്കാൻ ഈ നാളുകൾ ഇടയാകട്ടെ. കർത്താവ് ഉള്ളിലുള്ളതിന് എപ്പോഴും പ്രാധാന്യം കൊടുത്തിരുന്നു. അതായത് ഉള്ളം കൊണ്ടുള്ള വിശ്വാസം, മാനസാന്തരം, വിചാരം, അങ്ങനെ പലതും. അകമേയുള്ളത് പലപ്പോഴും നമുക്ക് കാണാൻ കഴിയില്ല. മനോഹരമായ ഒരു പേപ്പർ കൊണ്ട് സമ്മാനം പൊതിഞ്ഞതുകൊണ്ട് സമ്മാനം മനോഹരമാകണമെന്ന് നമുക്ക് പറയാൻ കഴിയില്ല. അവയുടെ പൊതി തുറന്ന് ഉള്ളിലേക്ക് പോകുമ്പോഴാണ് യാഥാർത്ഥ്യം നാം അറിയുന്നത്.

ദൈവമക്കളായ നമ്മെ കർത്താവിന്റെ ബലം നൽകി ഈ ലോകത്തിൽ നിർത്തിയിരിക്കുന്നു. ഉള്ളിലുള്ള ബലം ലോകം അറിയണം. അതറിയുവാൻ ബലം പകർന്ന ശക്തിയെ തേടണം. ആ ശക്തിയിൽ ആശ്ചര്യപ്പെടണം. അതിനായി ജീവിതത്തെ ക്രമീകരിക്കുവാനും, സമർപ്പിക്കുവാനും കർത്താവ് സഹായിക്കട്ടെ.

ദാവീദിന്, ഗോല്യാത്തിനെ കീഴടക്കാൻ പറ്റുമെന്ന് അവനെ കണ്ടവരാരും കരുതിയില്ല. ഉള്ളിലുള്ള ശക്തിയുടെ വെളിപ്പെടുത്തൽ ആശ്ചര്യവും അതിശയിപ്പിക്കുന്നതുമായ കാഴ്ച ആയിരുന്നല്ലോ.

ഉള്ളിലുള്ള ബലം കുറയുന്തോറും നാം ഭയപ്പെടും. ശത്രുവിനോട് പോരാടുവാനുള്ള കരുത്ത് ബലഹീനപ്പെടും. ജീവിതത്തിലെ ഓരോ അനുഭവങ്ങളിലൂടെയും കരുത്ത് കൂടുതൽ പ്രാപിച്ചവരായി ഉറപ്പും ധൈര്യവുമുള്ളവരായി യാത്ര ചെയ്യുവാൻ ഇടയാകട്ടെ.

അതെ, ലോകത്തിലുള്ള വൻശക്തികൾ എല്ലാം തകരും, കുലുങ്ങും. എന്നാൽ എന്തൊക്കെ കുലുങ്ങി അടർന്നുവീണ് തകർന്നാലും, ദൈവപൈതലിന്റെ കാൽ ഉറപ്പിച്ചു നിർത്തുന്നത് ഈ ബലം ആകുന്നു.

യൂദായുടെ ലേഖനം 24–ാം വാക്യത്തിൽ ഇപ്രകാരം കാണുന്നു. ''വീഴാതവണ്ണം നിങ്ങളെ സൂക്ഷിച്ചു, തന്റെ മഹിമാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവന്നു.'' അതെ, ദൈവികശക്തിയുടെ ഏറ്റവും പരമോന്നത അനുഗ്രഹമാണ് നാം കണ്ടത്.

ദൈവപൈതലിന്റെ വാഗ്ദത്തത്തിനായി സ്തോത്രം ചെയ്യാം. വീണുകൊണ്ടിരിക്കുന്ന ലോകത്തിന്റെ മദ്ധ്യേ വീഴാതെ സൂക്ഷിച്ചുകൊണ്ട്, തന്റെ പ്രത്യാശയെ കളങ്കമില്ലാതെ ആനന്ദത്തോടെ നിലനിർത്താൻ ദൈവശക്തി മാത്രമേയുള്ളു. ഇതാണ് നമ്മുടെ ബലം. ഉള്ളിലുള്ള ബലം, ധൈര്യം. അതിനായി അധികമായി കർത്താവ് ഏവരെയും ഇടയാക്കട്ടെ.

പരാമർശം :
എഫെസ്യർ 6:10

'ഒടുവിൽ കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടുവിൻ.'

സിസ്റ്റർ ബിന്ദു റെജി അയ്മനം 075